"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റ് ശ്രീമതി.ആമിന ബീവി- യുടെ മാതാവിന്റെ ചികിത്സയ്ക്ക് കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1786/2023/LSGD തീയതി,തിരുവനന്തപുരം, 08-09-2023

---

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 21.01.2016-ലെ G.O.(P) No.10/2016/H&FWD നമ്പർ ഉത്തരവ്
3. ശ്രീമതി.ആമിന ബീവി യുടെ 05.03.2021-ലെ അപേക്ഷ
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 09.05.2023- ലെ LSGD/PD / 6699/2023/DEG1 നമ്പർ കത്ത്
5. ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.01.2021-ലെ1(6) നമ്പർ തീരുമാനം.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 01.04.2023-ലെ (എൽ.ഡിസ്) എം.ആർ 1-16848/2022/ആ.വ.ഡ നം. കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ അക്കൗണ്ടന്റ് ശ്രീമതി ആമിന ബീവി-യുടെ മാതാവിന്റെ ചികിത്സയ്ക്ക് കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രിയിൽ ചെലവായ 1,44,872/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിനായി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു .

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (6) റിപ്പോർട്ട് പ്രകാരം അനുവദനീയത അറിയിച്ചിരിക്കുന്ന 64,577 /-രൂപയുടെ 80% ആയ 51,662/-(അമ്പത്തി ഒന്നായിരത്തി അറുന്നൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) അപേക്ഷകയ്ക്ക് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം ( 4 ) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. മേൽ തുക ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമ

പഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റ് ശ്രീമതി.ആമിന ബീവി യുടെ മാതാവിന്റെ ചികിത്സയ്ക്ക് കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രിയിൽ 30.09.2020 മുതൽ 11.11.2020 വരെയുള്ള കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിട്ടുള്ള തുകയായ 64,577/- രൂപയുടെ 80% ആയ 51,662/-(അൻപത്തി ഒന്നായിരത്തി അറുന്നൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ, നിലവിലെ KGSMA Rules, 1960 ചട്ടങ്ങൾക്ക് വിധേയമായി ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.

ശ്രീമതി.ആമിന ബീവി , അക്കൗണ്ടന്റ്, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല. (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.323/EPA3/2023/LSGD).

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 11-09-2023 15:35:14
സെക്ഷൻ ഓഫീസർ